Vol-1,N0:13
14-07-2007

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. കത്തോലിക്കാ സഭയിൽ നിന്നും പെന്തക്കോസ്തൽ പ്രസ്ഥാനത്തിലേയ്ക്കുള്ള ഒഴുക്ക് ശക്തം. (കെ.സി.ബി.സി.ഐക്യ-ജാഗ്രതകമ്മീഷൻ)
02. വേണ്ടി വന്നാൽ വിമോചന സമരം : ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത്.
03. കടക്കെണിയിൽ നിന്ന് വയനാട്ടിലെ കർഷകരെ രക്ഷിക്കണം-കമ്മീഷൻ.
04. കത്തോലിക്കാ സഭ ഐ. ടി രംഗത്ത് ട്രേഡ് യൂണിയൻ രൂപീകരിക്കുന്നു.
05. സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സർവകലാശാലകൾ ഒരുങ്ങുന്നു.
06. സ്കൂളുകളിൽ അസംബ്ലി ഹാൾ വേണം.-മനുഷ്യാവകാശ കമ്മീഷൻ.

01. **കത്തോലിക്കാ സഭയിൽ നിന്നും പെന്തക്കോസ്തൽ പ്രസ്ഥാനത്തിലേയ്ക്കുള്ള ഒഴുക്ക് ശക്തം.**
(കെ.സി.ബി.സി.ഐക്യ-ജാഗ്രതകമ്മീഷൻ)

കേരള കത്തോലിക്കാ മെത്രാന്മാരും വൈദികരും ശ്രദ്ധിക്കുക. കത്തോലിക്കാ സഭയിൽ നിന്നും പെന്തക്കോസ്തൽ പ്രസ്ഥാനത്തിലേയ്ക്ക് പോകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. പെന്താക്കോസ്തൽ പ്രസ്ഥാനങ്ങളുടെ ഈ വളർച്ച സഭയ്ക്ക് ഒരു വെല്ലു വിളിയാണ്. കത്തോലിക്കാ സഭയിൽ നിന്നും എന്തുകൊണ്ട് ചോർച്ച സംഭവിക്കുന്നു? സഭയിൽ നിന്നും വിട്ടുപോയവർക്ക് നിരവധി ഉത്തരങ്ങൾ നൽകുവാനുണ്ട്. അവയിൽ ചിലത് ഇവിടെ ചേർക്കട്ടെ. ക്രൈസ്തവ ജീവിത ദർശനവും ക്രൈസ്തവ ജീവിതവും തമ്മിൽ ഇന്ന് വളരെയേറെ അന്തരമുണ്ട്. ക്രൈസ്തവ സഭയുടെ വിശ്വാസവും മൂല്യങ്ങളും ജീവിക്കാനും അനുഭവവേദ്യമാക്കുവാനും സഭയ്ക്കിന്ന് സാധിക്കുന്നില്ല. വിശ്വാസികളുടെ (സാധാരണക്കാരുടെ) ജീവിതത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ അനുദിനജീവിതത്തിന്റെ പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച് കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാന്ത്വനം നൽകുവാനും സഭയിലെ വൈദികർക്കും സന്യസ്തർക്കും സാധിക്കുന്നില്ല. വർദ്ധിച്ചു വരുന്ന ആഡംബരഭ്രമം സന്യസ്തരും അല്മയരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചിരിക്കുന്നു. വൈദികരും സന്യസ്തരും പലപ്പോഴും ജനങ്ങൾക്ക് ആവശ്യമുള്ള സമയത്ത് ലഭ്യരല്ലാതായിത്തീരുന്നു. അധികാരികളുടെ തലക്കനം സഭയിലെ എല്ലാവരേയും സമന്മാരായി കാണുന്നതിന് തടസ്സം നിൽക്കുന്നു. ഇത് സമന്മാരായവരുടെ കൂടെ ചേരുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. നവീകരണ പ്രസ്ഥാനങ്ങളിലൂടെ സഭയിലേക്ക് തിരികെ കൊണ്ടു വന്നവരെ നവീകരണത്തിൽ നിലനിർത്താൻ ഇടവക വികാരിമാർ പരാജയപ്പെട്ടുക്കൊണ്ടിരിക്കുന്നു.പള്ളി പണി തുടങ്ങിയവയ്ക്കുള്ള നിർബന്ധ പിരിവുകളും ഒരു പരിധി വരെ കാരണമാകുന്നുണ്ട്. ചുരുക്കത്തിൽ സാധാരണക്കാരായ അല്മായരെ വേണ്ട വിധം പരിഗണിക്കുന്നില്ല. കത്തോലിക്കാ സഭ വേണ്ട മുൻകരുതലുകൾ എടുക്കേണ്ട സമയമായിരിക്കുന്നു. അല്മായർക്ക് ആവശ്യമായ പരിഗണന നൽകുവാൻ സഭ ശ്രദ്ധിക്കണം. ഇടവകയൂണിറ്റുകളുടെ പ്രവർത്തനം വിപുലമാക്കുന്നത് ഇതിന് സഹായകരമായിരിക്കും. സഹായ ഹസ്തവുമായി സാമൂഹ്യ പ്രശ്നങ്ങളിൽ സഭ ഇടപെടണം. സമൂഹ വിവാഹം നടത്തുകയും അതിനെ സഭ പ്രോത്സാഹിപ്പിക്കുകയും വേണം. വിലപിക്കുന്നവരുടെ കണ്ണീരൊപ്പാൻ സഭയിലെ വൈദികരും സന്യാസികളും മുൻകൈയെടുക്കണം. വിശ്വാസികളുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാൻ വേണ്ട നടപടികൾ സഭ കൈക്കൊള്ളണം. ലോകത്തെ അതിജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മതബോധന രംഗത്ത് കാര്യക്ഷമതയുണ്ടാകണം. മതാദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ

ശ്രദ്ധിക്കണം. നല്ല ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ സഭാ തനയരെ ഉത്ബോധിപ്പിക്കണം. സർവ്വോപരി അധികാരികൾ മാതൃകാപരമായ ജീവിതം നയിക്കുവാനും ആഡംബരഭ്രമം ഒഴിവാക്കാനും പരിശ്രമിക്കണം.

02. **വേണ്ടി വന്നാൽ വിമോചന സമരം : ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത്.**

(Deepika-08-07-2007)

ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി തുടർന്നാൽ വിമോചന സമരം നടത്തുമെന്ന് തൃശൂർ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. രണ്ടാം വിമോചന സമരം തൃശൂരിൽ നിന്ന് ആരംഭിക്കുന്നതിന് നേതൃത്വം നൽകാൻ തയ്യാറാണെന്നും ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. വിമോചന സമരത്തിന്റെ ഓർമ്മകൾ മാഞ്ഞിട്ടില്ല. ക്രൈസ്തവരുടെ മത ധാർമ്മികതയ്ക്കെതിരേ പ്രവർത്തനമുണ്ടായാൽ ഒറ്റക്കെട്ടായി നേരിടും. ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരേ വിദ്യാർത്ഥി രാഷ്ട്രീയ സംഘടനകൾ ആക്രമണം തുടർന്നാൽ കൈയും കെട്ടി നോക്കി നിൽക്കില്ലെന്നും ഒരു മന്ത്രിയും കുറുമാലിപ്പുഴ കടന്ന് തൃശൂരിൽ കാലുകുത്തില്ലെന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ ടൗൺഹാളിൽ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ന്യൂനപക്ഷാവകാശ സംരക്ഷണ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. സഭാ സ്വാശ്രയ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ സർക്കാർ റദ്ദു ചെയ്താൽ കേരള സർക്കാരിന് ജനങ്ങളുടെ അഫിലിയേഷനും ഇല്ലാതാകുമെന്ന് ബിഷപ് ഓർമ്മിപ്പിച്ചു. മാതാപിതാക്കളാണു സ്വന്തം മക്കളെ എവിടെ പഠിപ്പിക്കണം എന്നു തീരുമാനിക്കേണ്ടത്. സർക്കാർ ഇതിൽ ഇടപെടേണ്ടതില്ല. ക്രൈസ്തവ സ്കൂളുകൾക്കെതിരേ തിരിയുന്ന രാഷ്ട്രീയക്കാരുടെ മക്കളെ ഏതു സ്കൂളിൽ പഠിപ്പിക്കാനാണ് താത്പര്യമുള്ളതന്നറിയണം. സ്വന്തം കുട്ടികൾക്കായി സീറ്റു ചോദിച്ചു കൊണ്ട് കഴിഞ്ഞ ദിവസവും തന്നെ ഫോണിൽ ബന്ധപ്പെട്ട രാഷ്ട്രീയക്കാരുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ കുറിച്ചോർക്കുമ്പോൾ  അല്ലയോ കേരളമേ നീ കരയുക  എന്നു പറയാൻ തോന്നുന്നു. കേരളത്തിന്റെ വരുമാന മാർഗ്ഗം മദ്യമാണ്. മദ്യസംസ്കാരമാണ് കേരളത്തിൽ ഒന്നാമതായി സർക്കാർ ഉയർത്തുന്നത്. ഇന്ത്യയിലെ ഏറ്റവും ഉന്നതമായ ആദ്യത്തെ 40 കോളേജുകളിൽ കേരളത്തിലെ ഒരു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉൾപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രൈസ്തവ സ്ഥാപനങ്ങളാണ് മുഖ്യസ്ഥാനത്തുള്ളത്. എന്നാൽ കേരളത്തിൽ പ്രവർത്തിക്കാൻ അനുവദിക്കില്ല. അതാണ് അവസ്ഥ. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വളർച്ചയുണ്ടാവണമെങ്കിൽ സ്വാതന്ത്ര്യം നൽകണം, എന്നാൽ മാത്രമേ വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ സ്ഥാപനങ്ങളും ഉയർന്നു വരൂ.

ഭാരതത്തിലെ 30 ശതമാനം കുഷ്ഠരോഗികളെ നോക്കുന്നതും അനാഥാലയങ്ങളിൽ 25 ശതമാനവും നടത്തുന്നതും ക്രൈസ്തവരാണ്. എന്നിട്ടും ക്രൈസ്തവ സഭകൾ പണക്കാർക്ക് വേണ്ടി മാത്രം നിലകൊളളുന്നു എന്നാണ് പ്രചരണം. പക്ഷേ സത്യം മനസ്സിലാക്കുന്ന സാധാരണ ജനങ്ങൾ ഇവിടെയുണ്ട്. ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യ പ്രഭാഷണം നടത്തി. ശനി, ഞായർ ദിവസങ്ങളിലും സ്കൂളുകൾ പ്രവർത്തിക്കണമെന്ന ആവശ്യം മതസ്വാതന്ത്ര്യം ഇല്ലാതാക്കാനാണെന്നും ഇത് ഭരണഘടനാ വിരുദ്ധമാണെന്നും വിഷയാവതരണം നടത്തിയ ന്യൂനപക്ഷാവകാശ സംരക്ഷണ സമിതി കൺവീനർ പി. എ. ലാസർ മാസ്റ്റർ പറഞ്ഞു. ന്യൂനപക്ഷാവകാശ സംരക്ഷണത്തിനുള്ള അതിരൂപതയുടെ നടപടികൾക്ക് ഇരിങ്ങാലക്കുട രൂപതാ വികാരി ജനറൽ മോൺ. ജോസ് കാവുങ്കൽ, പാലക്കാട് രൂപതാ വികാരി ജനറൽ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി എന്നിവർ പിന്തുണ പ്രഖ്യാപിച്ചു. മോൺ. റാഫേൽ തട്ടിൽ അധ്യക്ഷത വഹിച്ചു. പ്രഫ. ആനി ജോൺസ് ന്യൂനപക്ഷാവകാശ സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതി പ്രസിഡന്റ് പ്രഫ. കെ. എം. ഫ്രാൻസിസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി തോമസ് മാത്യു, മോൺ. റാഫേൽ വടക്കൻ എന്നിവർ പ്രസംഗിച്ചു.

03. **കടക്കെണിയിൽ നിന്ന് വയനാട്ടിലെ കർഷകരെ രക്ഷിക്കണം - കമ്മീഷൻ**

(Mathrubhumi-02-07-2007)

കടക്കണിയിൽ നിന്ന് വയനാട്ടിലെ കർഷകരെ സർക്കാർ അടിയന്തിരമായി മോചിപ്പിക്കുവാൻ നടപടിയെടുത്തില്ലെങ്കിൽ അവർക്ക് ഭൂമിയും കിടപ്പാടവും നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകുമെന്ന് സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ മുന്നറിയിപ്പ് നൽകി. തുടർച്ചയായ കൃഷിനാശം മൂലം അവർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. വരൾച്ചയാണ് കർഷകന് മറ്റൊരു ഭീഷണി. 2003-ലും 2004-ലും 329 കോടിരൂപയാണ് വരൾച്ചമൂലം നഷ്ടം. പ്രകൃതിക്ഷോഭം ദുരിതങ്ങൾക്ക് ആഴം കൂട്ടി. സ്ഥിതിഗതികൾ വിലയിരുത്തിക്കൊണ്ടാണ്

വയനാടിനെ ദുരിത ബാധിതമേഖലയായി പ്രഖ്യാപിക്കാൻ സർക്കാരിനെ കമ്മീഷൻ ശുപാർശ ചെയ്തത്. അർഹരായ എല്ലാ കർഷകർക്കും നിയമം അനുസരിച്ച് കടാശ്വാസത്തിനായി സർക്കാരിനെ സമീപിക്കാൻ ഈ പ്രഖ്യാപനം വഴിയൊരുക്കുമെന്ന് ജസ്റ്റിസ് കെ. എ അബ്ദുൾ ഗഫൂർ അധ്യക്ഷനായ കമ്മീഷൻ വിശദമായ റിപ്പോർട്ടിൽ പറഞ്ഞു. ആഗോളീകരണത്തിന്റെ പ്രത്യാഘാതവും വയനാട്ടിലെ കർഷകൻ അഭിമുഖീകരിക്കുന്നു. കടക്കെണിയിൽ നിന്ന് രക്ഷ നേടാൻ സർക്കാരിനെയാണ് കമ്മീഷൻ ഉറ്റുനോക്കുന്നത്. വയനാട്ടിലെ കർഷകന്റെ പ്രാണവേദന കേന്ദ്രസർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിനും നന്നായി അറിയാം. ആശ്വാസത്തിനായി റിസർവ്വ് ബാങ്കും നടപടിയെടുത്തിട്ടുണ്ട്. 1999 മുതൽ 2006 വരെയായി കടക്കെണിയിൽ പെട്ട 371 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന കൃഷി ഡയറക്ടർ പറയുന്നു. ഏതായാലും ഈ കണക്ക് പൂർണ്ണമല്ലെന്നാണ് കമ്മീഷന് തുടർന്ന് കിട്ടിയ വിവരം. പല ആത്മഹത്യകളും അധികൃതരുടെ ശ്രദ്ധയിൽപ്പെടാതെ പോയിട്ടുണ്ട്. 528 ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടെന്നാണ് അറിയുന്നത്. ഔദ്യോഗിക കണക്കായ 371 സ്വീകരിക്കാൻ പഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളും തയ്യാറായിട്ടില്ലെന്നാണ് കമ്മീഷൻ പറയുന്നത്.

കർഷകരും കൃഷിയെ ആശ്രയിക്കുന്നവരും വയനാട്ടിൽ വളരെ കൂടുതലാണ്. അതുകൊണ്ടാണ് ദുരിതം അനുഭവിക്കുന്ന കർഷകരുള്ളതുകൊണ്ട് വയനാടിനെ ദുരിതബാധിത ജില്ലയായി പ്രഖ്യാപിക്കാൻ സർക്കാരിന് ശുപാർശ നൽകുന്നതെന്ന് കമ്മീഷൻ പറഞ്ഞു. കഴിഞ്ഞ പല വർഷങ്ങളായി മഴക്കുറവ് ജില്ല അനുഭവിച്ചിട്ടുണ്ട്. 2003–04ൽ ഉണ്ടായ വരൾച്ച അഭൂതപൂർവ്വമായിരുന്നു. വരൾച്ച ബാധിത പ്രദേശമായി ജില്ലയെ 2005 മാർച്ചിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വരൾച്ചമൂലമുണ്ടായ വെള്ളക്ഷാമവും വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതു കർഷക ദുരിതങ്ങൾ വർധിപ്പിച്ചു. കേന്ദ്രസർക്കാരിന്റെ കയറ്റുമതി നയമാകട്ടെ കർഷകരെ വിനാശകരമായി ബാധിച്ചിട്ടുണ്ട്. നാളികേരം, റബ്ബർ, കുരുമുളക്, ഇഞ്ചി, ഏലം, അടയ്ക്ക, കാപ്പി, ചായ, കശുവണ്ടി, വാനില എന്നിവയുടെ വിലയെയാണ് അത് ബാധിച്ചത്. ഇതിനിടയിൽ ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതി കർഷകരെ കൂടുതൽ ദ്രോഹിച്ചുവെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

04. **കത്തോലിക്കാ സഭ ഐ. ടി രംഗത്ത് ട്രേഡ് യൂണിയൻ രൂപീകരിക്കുന്നു.**

(Mangalam-04-07-2007)

ഐ.ടി രംഗത്ത് കത്തോലിക്കാ സഭ തൊഴിലാളി സംഘടന രൂപീകരിക്കുന്നു. സഭയുടെ ട്രേഡ് യൂണിയൻ വിഭാഗമായ കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം) നേതൃത്വത്തിലാണ് ഐ.ടി പ്രൊഫഷണലുകളെ സംഘടിപ്പിക്കുന്നത്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലാണ് (കെ. സി. ബി. സി) ലേബർ മൂവ്മെന്റ്. പ്രാരംഭഘട്ടമായി കെ. എൽ. എമ്മിന്റേതായി മൂന്നു വെബ്പോർട്ടലുകളും ഓൺലൈൻ ഡേറ്റാ ബാങ്കും തുടങ്ങിക്കഴിഞ്ഞു. നാലായിരത്തോളം പേരാണ് ഇവയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇവരിലധികവും കത്തോലിക്കാ സഭാംഗങ്ങളോ അനുഭാവികളോ ആണ്.

തൊഴിലാളി അവകാശങ്ങൾക്കു വേണ്ടി വാദിക്കുക എന്നതിലുപരി ഐ. ടി പ്രൊഫണലുകളുടെ ആരോഗ്യകരമായ മത-കുടുംബ ജീവിതത്തിൽ സ്വാധീനംചെലുത്തുകയാണ് സംഘടനയുടെ ലക്ഷ്യമെന്ന് സംസ്ഥാന പ്രസിഡന്റും ഐ.ടി പ്രൊഫഷണലുമായ ജോസഫ് ജൂഡ് പറയുന്നു. സ്മാർട്സിറ്റിയുടെ വരവോടെ ഐ. ടി രംഗത്തുണ്ടാകുന്ന വൻ കുതിച്ചു ചാട്ടം മുന്നിൽ കണ്ട് കെ. എൽ. എം വിവിധ പദ്ധതികൾ ആവിഷ്കരിക്കും. ഐ. ടി തൊഴിലാളികളുടെ ക്ഷേമം, കൗൺസിലിംഗ്, ഗൈഡൻസ് എന്നിവയാണ് സെന്റർ ലക്ഷ്യമിടുന്നത്. ഇതിനായി സംഘടനയ്ക്ക് കാക്കനാട് കേന്ദ്രമായി സെന്റർ ആരംഭിക്കും. തൊഴിലാളികളുടെ താല്പര്യങ്ങൾക്കിണങ്ങും വിധം തൊഴിൽ ദാതാക്കളുമായി മികച്ച ധാരണയുണ്ടാക്കാമെന്നതിനാൽ പരാതികൾ പൊതുവേ കുറവായിരിക്കും. ഇക്കാരണത്താലാണ് കെ. എൽ എം തൊഴിലാളിയുടെ മറ്റു പ്രശ്നങ്ങളിലേക്ക് ശ്രദ്ധ ചെലുത്താൻ ശ്രമിക്കുന്നത് . അദ്ദേഹം വ്യക്തമാക്കി. ഈ രംഗത്തുള്ളവർക്ക് വിശ്വാസാചാരങ്ങളോടും സുസ്ഥിരമായ കുടുംബ ജീവിതത്തോടും ഇക്കൂട്ടർക്ക് താത്പര്യം കുറഞ്ഞു വരികയാണെന്നാണ് കണ്ടെത്തൽ. എളുപ്പം സാമ്പത്തിക സ്ഥിരത നേടുന്നതിനാൽ സുഖ ജീവിതത്തോടുള്ള അഭിനിവേശം കൂടിവരുന്നു. പല ഐ. ടി പ്രൊഫഷണലുകളുടെയും കുടുംബ ജീവിതം പരാജയമാണെന്ന തിരിച്ചറിവാണ് സംഘടന രൂപീകരണത്തിനു പിന്നിൽ. വയനാട്, ഇടുക്കി, കോട്ടയം, തൃശൂർ ജില്ലകളിൽ നിന്നുള്ള പ്രമുഖരായ ഐ.ടി എൻജിനീയർമാരുടെ സഹകരണവും സംഘടനയ്ക്കുണ്ടാകും. പ്രമുഖ നഗരങ്ങളിൽ സംഘടനയുടെ നെറ്റ്‌വർക്ക് രൂപീകരിച്ചു വരികയാണ്. അന്യനാടുകളിൽ പോയി ജോലി ചെയ്യുന്നവർ സമീപമുള്ള ഇടവകയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ സഭയിൽ ഇതിനകം നിർബന്ധമാക്കിക്കഴിഞ്ഞു.

05. **സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സർവകലാശാലകൾ ഒരുങ്ങുന്നു.**

(Mangalam-02-07-2007)

സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് മേൽ നിയന്ത്രണം കർശനമാക്കിക്കൊണ്ട് സ്വാശ്രയ പ്രൊഫ ണൽ കോളേജുകളെ ഒതുക്കാൻ സർവകലാശാലകൾ ഒരുങ്ങുന്നു. വിദ്യാർത്ഥി പ്രവേശനത്തിലും ഫീസിലും അടക്കം സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കാത്ത സ്ഥാപനങ്ങളെ കർശനമായി നേരിടാനാണ് തീരുമാനം. ഭൂരിഭാഗം സ്വാശ്രയ കോളേജുകളിലും അപര്യാപ്തതകൾ ഉണ്ടെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാനേജ്മെന്റുകളെ സമ്മർദ്ദത്തിലാക്കാൻ നിയമപരമായ നീക്കം ആരംഭിച്ചത്. ഇത്തരം സ്ഥാപനങ്ങൾക്കെതിരേ നിയമം കർശനമായി നടപ്പാക്കാൻ സി. പി. എമ്മിനു നിയന്ത്രണമുള്ള സർവകലാശാലാ സിൻഡിക്കേറ്റുകൾക്കു നിർദ്ദേശം ലഭിച്ചു. ദേശീയ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലും മറ്റു ദേശീയ സമിതികളും നിഷ്കർഷി ക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങളോട് ഒരു വിട്ടുവീഴ്ചയും വേണ്ടെന്നാണു സി. പി. എമ്മിന്റെ നിലപാട്. സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പിടാൻ തയ്യാറാകാത്ത സ്ഥാപനങ്ങളെ ഔദ്യോ ഗികമായ പരിശോധനകൾ നടക്കുമ്പോൾ മാത്രം സൗകര്യങ്ങൾ ഒരുക്കി പ്രവർത്തിക്കാൻ അനുവദിക്കില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിക്ക സ്വകാര്യ പ്രൊഫണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനദ ണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ല. ഏതൊക്കെ സ്ഥാപനങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളുടെ കുറവുണ്ടെന്നുള്ളതിന്റെ വ്യക്തമായ റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വാശ്രയ നഴ്സിംഗ്-എൻജിനീയറിംഗ് കോളേജുകൾക്കെതിരേ നടപടി ആരംഭിച്ചു കഴിഞ്ഞു. കേരള സർവകലാശാല കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയും അഞ്ചോളം സ്ഥാപനങ്ങൾക്കെതിരേ കൈക്കൊണ്ട നടപടികളും ഇതിന്റെ ഭാഗമാണ്. ഇത്തരത്തിൽ സ്വീകരിക്കുന്ന നടപടികൾ പരസ്യപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന നിർദേശവും ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ട്.

06. **സ്കൂളുകളിൽ അസംബ്ലി ഹാൾ വേണം.-മനുഷ്യാവകാശ കമ്മീഷൻ.**

(Deepika-04-07-2007)

സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്കൂളുകളിൽ അസംബ്ലി നടത്തുന്നതിന് മേൽക്കൂരയോടുകൂടിയ ഹാൾ സജ്ജമാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ജസ്റ്റിസ് വി. പി മോഹൻ കുമാർ ഉത്തരവിട്ടു. പൊരിവെയിലത്ത് അസംബ്ലി നടത്തുന്നതിനെതിരേ കോഴിക്കോട് സർവകലാശാലയിലെ വിദ്യാ ഭ്യാസ വകുപ്പ് മേധാവി ഡോ. സി. നസീമ സമർപ്പിച്ച പരാതിയിലാണ് വിധി. അസംബ്ലി സമയദൈർഘ്യം അധ്യാപക-രക്ഷാകർതൃസംഘടനയ്ക്ക് നിശ്ചയിക്കാം. ഇതിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽ ഹെഡ്മാസ്റ്ററുടെ തീരുമാനമായിരിക്കും അന്തിമം. കേരള എഡ്യൂക്കേഷൻ ആക്ടിലെ ഒമ്പതാം ചാപ്റ്ററിൽ റൂൾ 2(1എ) അനുസരിച്ചുള്ള നിയമം അതേപടി പിന്തുടരണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ഈ നിയമത്തിൽ വിദ്യാർത്ഥികൾ അസംബ്ലിക്കായി ഒത്തുകൂടി ദേശീയഗാനം ആലപിക്കണമെന്ന് നിബന്ധനയുണ്ട്. അസംബ്ലി നടത്തണമെന്ന് നിബന്ധനകളിൽ ഉണ്ടെങ്കിലും വിദ്യാർത്ഥികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കരുതെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.